58 (202) **ബി.എഡ്. സെന്ററുകളുടെ അംഗീകാരം റദ്ദാക്കിയ നടപടി**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ടി.ഇ.യുടെ നിബന്ധനകൾ പാലിക്കാത്തതിന്റെ പേരിൽ കേരളത്തിലെ 24 ബി.എഡ്. സെന്ററുകളുടെ അംഗീകാരം ഈ വർഷം മുതൽ റദ്ദാക്കിയതായി എൻ.സി.ടി.ഇ. ദക്ഷിണമേഖലാ ഡയറക്ടറുടെ അറിയിപ്പ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേലുള്ള ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

59 (203) **മിത്രസങ്കേതം വികസന ട്രസ്റ്റിന് പുതിയ ബി.എഡ്. സെന്റർ**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജിനുവേണ്ടി ഈ വർഷം പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലയിൽ പാവുമ്പ വില്ലേജിൽ പുതിയതായി ബി.എഡ്. കോളേജിനുവേണ്ടി 'മിത്രസങ്കേതം വികസന ട്രസ്റ്റി' ന്റെ (രജിസ്റ്റർ നം. 591/97) അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞവർഷവും ഇതേ സ്ഥലത്ത് ഇതേ ട്രസ്റ്റ് കോളേജിനു വേണ്ടി അപേക്ഷ നൽകിയിരുന്നിട്ടും അതിന്മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഈ വർഷം ഈ അപേക്ഷ പരിഗണിച്ച് ഇവർക്ക് കോളേജ് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിത്രസങ്കേതം വികസന ട്രസ്റ്റ് രജി. നമ്പർ 591/97, വൃന്ദാവനം ഗാർഡൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം എന്ന പേരിൽ ഒരു പുതിയ ട്രെയിനിംഗ് കോളേജിനുള്ള അപേക്ഷ ഈ അദ്ധ്യയനവർഷം ലഭിച്ചിട്ടുള്ളതായി കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) മിത്രസങ്കേതം വികസന ട്രസ്റ്റിന്റെ അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയും പുതിയ ട്രെയിനിംഗ് കോളേജുകൾ പരിഗണിക്കേണ്ടതില്ല എന്ന പൊതുധാരണ പ്രകാരം പ്രസ്തുത അപേക്ഷയിൻമേൽ നടപടി സ്വീക

LIBRARY ARCHIVES Kerala Legislative Assembly